LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിമാർക്കുള്ള പത്രമാസികകൾക്കുള്ള ചെലവ്

26 [3401] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മന്ത്രിമാരുടെ ഓഫീസുകളിലും ഔദ്യോഗിക വസതികളിലും വരുന്ന പത്രമാസികകളുടെ ചെലവ് വഹിക്കുന്നതാരാണ്;

(ബി) ഈ ചെലവ് ഗവൺമെന്റ് വഹിക്കാറുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നിലവിലുള്ള ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) പൊതുഭരണ വകുപ്പ് അനുവദിക്കുന്ന തുകയ്ക്ക് അനുസൃതമായി വിവര പൊതുജനസമ്പർക്ക വകുപ്പാണ് പത്രമാസികകളുടെ ചെലവ് വഹിക്കുന്നത്.

(ബി) ഉണ്ട്. ഏതാണ്ട് 30 വർഷം മുമ്പ്, ഇപ്പോഴത്തെ പൊതുഭരണ വകുപ്പ് നിലവിൽ വരുന്നതിനുമുമ്പ് ഉണ്ടായിരുന്ന പൊതു വകുപ്പ് ഇത് സംബന്ധിച്ച് ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ ആയതിന്റെ പകർപ്പ് ഉടൻ ലഭ്യമല്ല.

പ്രതിപക്ഷനേതാവ് വിവിധ ഇനങ്ങളിൽ ചെലവഴിച്ച തുക

27 [3402] ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 മേയ് 17 മുതൽ ജൂൺ 30 വരെ പ്രതിപക്ഷ നേതാവ് ടി. എ., ഡി. എ. ഇനത്തിൽ എത്ര രൂപാ കൈപ്പറ്റിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) മെഡിക്കൽ റീഇംപേഴ്സ്മെന്റ് ഇനത്തിൽ എന്ത് തുക കൈപ്പറ്റിയിട്ടുണ്ട്;

(സി) പ്രതിപക്ഷ നേതാവിന്റെ വസതി മോടിപിടിപ്പിക്കുന്നതിനും മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഈ കാലയളവിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ട്;

(ഡി) ടെലിഫോൺ, മൊബൈൽ ഫോൺ വാടക എന്നീ ഇനങ്ങളിൽ ഈ കാലയളവിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?